**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1389** **14-03-2022 - ൽ മറുപടിയ്ക്ക്**

**അനധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കാലോചിതമായ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെ.ഇ.ആർ. നിലവിൽ വന്ന അരനൂറ്റാണ്ട് കഴിഞ്ഞിട്ടും അനദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ കാലോചിതമായ മാറ്റം വരുത്തിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാറ്റം വരുത്തുന്നതിനു നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാറ്റം വരുത്തുന്നതിനുള്ള പ്രപ്പോസൽ പരിഗണനയിലില്ല. |
| (ബി) | വിവിധ കാരണങ്ങളാൽ തസ്തിക നഷ്ടപ്പെട്ടവരും അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെടാത്തവരുമായ ജീവനക്കാർക്ക് പുനർനിയമനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ; | (ബി) | പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എയ്ഡഡ് മേഖലയിൽ തസ്തിക നഷ്ടം വരുന്നവർക്ക് കെ.ഇ.ആർ അദ്ധ്യായം 51 എ പ്രകാരം പുനർനിയമിക്കുന്നതിന് മുൻഗണന ലഭിക്കുന്നുണ്ട്. |
| (സി) | വിരമിക്കൽ, പ്രമോഷൻ, രാജി തുടങ്ങിയ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരും അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ടവരുമായ ജീവനക്കാരുടെ മുൻകാല സേവനം അംഗീകരിക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകുമോ വിശദാംശം നൽകുമോ; | (സി) | അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ടവരുടെ മുൻകാല സേവനം ഓരോ ജീവനക്കാരനും അപേക്ഷ സമർപ്പിക്കുമ്പോൾ പ്രത്യേകമായി പരിശോധിച്ച് തീർപ്പാക്കാറുണ്ട്. ഇതു സംബന്ധിച്ച് പൊതു ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാന സ്കൂൾ കലോത്സവ മാനുവലിൽ അനദ്ധ്യാപകരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | പ്രപ്പോസൽ പരിഗണനയിലില്ല. |
| (ഇ) | സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അനദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (ഇ) | പ്രപ്പോസൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ